KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

നം. പി.എസ്.1 (ബി)/കോവിഡ്-19/മുൻകരുതൽ/ 2020 തീയതി: 20.04.2021

## പരിപത്രം

വിഷയം : 'കോവിഡ് - 19'രണ്ടാംഘട്ട വ്യാപനം തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ - സംബന്ധിച്ച്.

സൂചന : 1) 19.03.2020 ലും 05.05.2020 ലും പുറപ്പെടിവിച്ച ഇതേ നമ്പർ പരിപത്രം.
2) 03.08.2020 – ലെ പരിപത്രം നമ്പർ D (Distn, iT & HRM)/Covid -19/2019-20/23.
3) 01.10.2020 – ലെ പരിപത്രം നമ്പർ D (Distn, IT & HRM)/Covid -19/2019-20/24.
4) ഓഫീസ് ഓർഡർ (CMD) നം.1281/2020 (PS.1 (B)/Covid-19/Prevention/2020) dated 05.10.2020.

'കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കാര്യാലയങ്ങളിൽ അനുവർത്തിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന ഒന്ന് മുതൽ മൂന്ന് വരെയുള്ള പരിപത്രങ്ങൾ മുഖേന നൽകിയിരുന്നു. ജില്ലാതലങ്ങളിൽ കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതല കോവിഡ് - 19 നോഡൽ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്ത് സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടിവിച്ചിരുന്നു.

കേരളത്തിൽ കോവിഡ് - 19, രണ്ടാംഘട്ട വ്യാപനം അതിതീവ്രമായി തുടരുന്ന.സാഹചര്യത്തിൽ മേൽ സൂചന പരിപത്രങ്ങളിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നു എന്ന് ഓഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതും, സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന 'ഫ്ലാറ്റിനിംഗ് ദ കർവ് ' പ്രചരണ പരിപാടിയിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി പിൻതുടരേണ്ടതുമാണ്. ജീവനക്കാരുടെ വിരമിക്കലുമായി ബന്ധപ്പെട്ട് ഓഫീസുകളിൽ സംഘടിപ്പിക്കുന്ന ചടങ്ങുകളിൽ കോവിഡ് - 19 ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും ഉച്ച ഭക്ഷണ സമയത്ത് ജീവനക്കാർ കൂട്ടംകൂടിയിരുന്ന് ഭക്ഷണം കഴിക്കുന്ന രീതി നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

ജില്ലാതല നോഡൽ ഓഫീസർമാർ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരുമായി ബന്ധപ്പെട്ട് അവരവരുടെ ജില്ലകളിലെ മുഴുവൻ ഇലക്ട്രിസിറ്റി ജീവനക്കാർക്കും, കോവിഡ് - 19 പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ (ഡിവിഷൻ / സബ് ഡിവിഷൻ തലങ്ങളിൽ) സംഘടിപ്പിക്കേണ്ടതാണ്. സൂചന (4) ഉത്തരവിലൂടെ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ തൽസ്ഥാനങ്ങളിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ പകരം ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥർ കോവിഡ് - 19 ജില്ലാതല നോഡൽ ഓഫീസർമാരുടെ ചുമതലകൾ ഏറ്റെടുക്കേണ്ടതും, കോവിഡ് - 19 പ്രതിരോധ കുത്തിവയ്പ്പിന് സന്നദ്ധതയുള്ള ജീവനക്കാരുടെ പട്ടിക ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ലഭ്യമാക്കേണ്ടതുമാണ്.

**ഒപ്പ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ

ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
സി.എ.ടു. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്